**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 994** **31-01-2024 - ൽ മറുപടിയ്ക്ക്**

**നാട്ടാനകളുടെ ദൗർലഭ്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ക്ഷേത്ര ആചാരങ്ങൾക്കും ഉത്സവങ്ങൾക്കും ഉപയോഗിക്കുന്ന നാട്ടാനകൾക്ക് ദൗർലഭ്യം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് ക്ഷേത്ര ആചാരങ്ങൾക്കും ഉത്സവങ്ങൾക്കും ഉപയോഗിക്കുന്ന നാട്ടാനകൾക്ക് ദൗർലഭ്യം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | എറണാകുളം ജില്ലയാണ് ഇത്തരത്തിൽ നാട്ടാനയുടെ ദൗർലഭ്യം ഏറ്റവും കൂടുതൽ നേരിടുന്നതെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | എറണാകുളം ജില്ലയിൽ ക്ഷേത്രാചാരങ്ങൾക്കും, ഉത്സവങ്ങൾക്കും ഉപയോഗിക്കുന്ന നാട്ടാനകൾക്ക് ദൗർലഭ്യം നേരിടുന്നതായുള്ള പരാതികളോ, ആക്ഷേപങ്ങളോ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | ആനകളെ സംസ്ഥാനതലത്തിൽ കൈമാറുന്നതിനുള്ള നിയമനിർമ്മാണം നടത്തിയിട്ടും ചട്ടങ്ങൾ രൂപീകരിക്കാത്തതാണ് ഇത്തരം പ്രശ്നങ്ങൾ വർധിക്കുന്നതിനുള്ള കാരണമെന്ന് കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (സി) | നാട്ടാനകൾക്ക് ദൗർലഭ്യം നേരിടുന്ന വിഷയവുമായി ബന്ധപ്പെട്ട പരാതികളോ, ആക്ഷേപങ്ങളോ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.ചട്ടങ്ങൾ രൂപീകരിക്കേണ്ടത് കേന്ദ്ര സർക്കാരാണ് |
| (ഡി) | പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട ചട്ട രൂപീകരണത്തിന് സംസ്ഥാനം കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ഡി) | പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട ചട്ട രൂപീകരണത്തിന് സംസ്ഥാനം കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടില്ല |

സെക്ഷൻ ഓഫീസർ